LIBRARY ARCHIVES Kerala Legislative Assembly

മാങ്ങാട് സ്മിത്തി വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിൽ ഓഹരിയെടുക്കാൻ അനുമതി

45 [1250] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിയിൽ പ്രവർത്തിക്കുന്ന മാങ്ങാട് സ്മിത്തി വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിൽ ഓഹരി എടുക്കുന്നതിന് സഹകരണ സംഘങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും അനുമതി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷകർക്കാവശ്യമായ ഇരുമ്പ് ഉപകരണങ്ങൾ ഉല്പ്പാദിപ്പിക്കുന്ന ഒരു സഹകരണ സംഘം എന്ന നിലയിൽ ഈ ആവശ്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി സഹകരണ സംഘം ഒരു ഗവൺമെന്റ് അംഗീകൃത വർക്ക്ഷോപ്പാണ്. ഇവിടെ കർഷകർക്കാവശ്യമായ ഇരുമ്പ് ഉപകരണങ്ങൾ ഉല്പ്പാദിപ്പിക്കുന്നില്ല.

ഭക്ഷ്യ സംസ്ക്കരണ പാർക്കുകൾ സ്ഥാപിക്കുവാൻ നടപടി

46 [1251] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, ജോർജ് ജെ. മാത്യു :
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം പുതുതായി ഭക്ഷ്യ സംസ്ക്കരണ പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്ത് ചെലവു വരുമെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പാർക്കുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുമോ ; എങ്കിൽ എന്തു തുക ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പാർക്കിൽ എന്തെല്ലാം ഭക്ഷ്യ വസ്തുക്കൾ സംസ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) പ്രസ്തുത പാർക്കുകളിൽ എന്തുവിധത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി & സി) സംസ്ഥാനത്ത്, പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിൽ ഇളമണ്ണൂർ എന്ന സ്ഥലത്ത് 85 ഏക്കർ സ്ഥലത്ത് ഒരു ഭക്ഷ്യ സംസ്ക്കരണ വ്യവസായ പാർക്ക് കിൻഫ്രയുടെ കീഴിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിക്ക് 17.30 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പാർക്ക് സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന്റെ പത്താം പഞ്ചവൽസര പദ്ധതി പ്രകാരം 4 കോടി രൂപയുടെ കേന്ദ്ര ധനസഹായമാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത പാർക്കിൽ കിൻഫ്ര നേരിട്ട് ഭക്ഷ്യ സംസ്ക്കരണത്തിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നില്ല. എന്നാൽ താഴെപ്പറയുന്ന ഭക്ഷ്യ വസ്തുക്കൾ സംസ്ക്കരിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ സംരംഭകർക്ക് കിൻഫ്ര ലഭ്യമാക്കും.

(i) പഴങ്ങളും പച്ചക്കറികളും
(ii) സുഗന്ധവ്യജ്ഞനങ്ങൾ
(iii) പാൽ ഉൽപ്പന്നങ്ങൾ
(iv) ധാന്യ വർഗ്ഗങ്ങൾ
(v) മത്സ്യമാംസ ഉൽപ്പന്നങ്ങൾ
(vi) സമുദ്രോൽപ്പന്നങ്ങൾ

(ഇ) പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ശുദ്ധീകരിച്ച ജലം, തടസ്സമില്ലാത്ത വൈദ്യുതി, പൂർണ്ണമായും വികസിപ്പിച്ച പ്ലോട്ടുകൾ, കോമൺ ഫെസിലിറ്റീസ്, മറ്റ് അടിസ്ഥാന സൗകര്യങ്ങളായ കോൺഫറൻസ് ഹാൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയ്ക്ക് പുറമേ ഭക്ഷ്യ സംസ്ക്കരണ വ്യവസായത്തിന് വേണ്ടിയുള്ള അടിസ്ഥാനസൗകര്യങ്ങളായ ക്വാളിറ്റി കൺട്രോൾ ലാബ്, എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, കോൾഡ് സ്റ്റോറേജ് മുതലായ സൗകര്യങ്ങളും ഒരുക്കുവാൻ ഉദ്ദേശിക്കുന്നു.

കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം

47 [1252] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളം കുപ്പിയിലാക്കി വിൽക്കുന്ന എത്ര കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത കമ്പനികളുടെ ജില്ല തിരിച്ചുള്ള കണക്കും മേൽവിലാസവും ലഭ്യമാക്കുമോ ;

(സി) ഈ കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly